എക്സൈസുകാരന്റെ അക്രമം.

*290. MR. A. V. JOSEPH (*Kunnathunadu I—General*): താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട എക്സൈസുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

കുന്നത്തുനാട്ടുതാലൂക്കിൽ തൃക്കാക്കര പകുതിയിൽ കുന്നാഞ്ഞലി ചെറായിയിലെ ഒരു എക്സൈസുകാരൻ കഴിഞ്ഞമാസം 12-ാംനു- ആലി മരയ്ക്കാർ എന്നയാളെ ദേഹോപദ്രവം ഏൽപ്പിച്ചതായി വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി സ്വീകരിച്ചു?

HON'BLE MR. E. K. MADHAVAN: പരാതികിട്ടിയിട്ടുണ്ട്. അതേപ്പറ്റി അന്വേഷണം നടത്തിവരികയാണു്.

MR. A. V. JOSEPH: പരാതി കിട്ടിയിട്ടു എത്ര നാളായി?

HON'BLE MR. E. K. MADHAVAN: ജാനുവരി 12-ാംനു- കിട്ടിയതാണു്.

MR. A. V. JOSEPH: അതിന്റെ അന്വേഷണം എന്നു പൂർത്തിയാകുമെന്നു പറയാൻ സാധിക്കുമോ?

HON'BLE MR. E. K. MADHAVAN: അന്വേഷണം കഴിഞ്ഞാൽ ഉടനെ അതു പൂർത്തിയായി എന്നു പറയാൻ സാധിക്കും.

Import of Rice.

*291. MR. P. GOPALAN (*Vaikom III—General*): Will the Hon'ble Minister for Food be pleased to state whether the Government have taken any step to avoid the import of bad quality of rice?

HON'BLE MR. V. O. MARKOS: Government have been repeatedly requesting the Government of India to arrange for the discontinuance of the supply of inferior quality rice from imports.

MR. P. GOPALAN: ഗവണ്മെൻറു നടത്തിയ നടപടിയുടെ ഫലം എന്തായി എന്നു പറയാമോ?

HON'BLE MR. V. O. MARKOS: ചീത്തഅരിയായ സയാംഅരി കുറച്ചും ബർമ്മാഅരി കൂടുതലും തരുന്നുണ്ടു്.

MR. KANNARA GOPALA PANICKER: ഇപ്പോൾ കിട്ടിവരുന്ന നല്ല അരി എല്ലാ സ്ഥലത്തും ഒരുപോലെയാണോ വിതരണം ചെയ്യുന്നതു്?

HON'BLE MR. V. O. MARKOS: അതെ.

MR. CHERIAN J. KAPPAN: അങ്ങനെ ഒരുപോലെ വിതരണം ചെയ്യുന്നുണ്ടെങ്കിൽ പാലാനിന്നു ഗവണ്മെൻറിനു കിട്ടിയിട്ടില്ലേ?

HON'BLE MR. V. O. MARKOS: അങ്ങനെ പല പരാതികളും കിട്ടിയിട്ടുണ്ടു്. പക്ഷെ ആ പരാതികളെല്ലാം തെറ്റാണു്.

LIBRARY ARCHIVES Kerala Legislative Assembly